പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 850

09-08-2017 ലെ
മറുപടി

## കൊടും വരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ മഴയുടെ അളവ് വളരെയധികം കുറവായതിനാൽ സമീപഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കൊടും വരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആലോചിക്കുന്നുണ്ടോ; | (എ) | സമീപഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കൊടും വരൾച്ച നേരിടുന്നതിനായി ജലവിഭവ വകുപ്പ് പല പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുജ്ജീവനവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഹരിത കേരളം പദ്ധതി, ഭൂജല വകുപ്പ് നടപ്പാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ, ഹാന്റ് പമ്പ് സ്കീമുകൾ, ഭൂജലസംരക്ഷണത്തിനായുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ, കിണർ/കുഴൽക്കിണർ റീചാർജ്ജ്, ജലനിധി മുഖേന നടപ്പാക്കുന്ന മഴവെള്ളസംഭരണികളുടെ നിർമ്മാണം, ജലസംരക്ഷണം/ജലവിനിയോഗം സംബന്ധിച്ച വിവിധ ബോധവൽക്കരണ പരിപാടികൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും, പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ കണ്ടെത്താനുമുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മുന്നൊരുക്കങ്ങളുടെ ഭാഗമായി കേരളാ വാട്ടർ അതോറിറ്റിയും മൈനർ/മേജർ ഇറിഗേഷൻ വകുപ്പുകളും നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ് വിശദമാക്കാമോ? | (ബി) | ജലവിഭവ വകുപ്പിന്റെ മേജർ/മൈനർ/പ്രോജക്ട് വിഭാഗങ്ങൾ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന ഹരിതകേരളം പദ്ധതിയിലൂടെ ഒരു സമഗ്ര നദീതട വികസനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജലസ്രോതസ്സുകളുടെയും കുളങ്ങളുടെയും നവീകരണവും |

| | | | |
|---|---|---|---|
| | | | പരിപാലനവും ഇതിലുൾപ്പെടുന്നു. ജലസംഭരണത്തിനുതകുന്നതായ തടയണകൾ, റെഗുലേറ്ററുകൾ, വി.സി.ബി (വെന്റഡ് ക്രോസ്സ് ബാർ) എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ വിവിധ സ്കീമുകളിലായി ആവിഷ്കരിച്ചിട്ടുണ്ട്. റിസർവോയറുകളിലെ മണലും ചെളിയും നീക്കി സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നു. PMKSY (Pradhan Manthri Krishi Sinchayee Yojana) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി, കൃഷിക്കാണ് മുൻതൂക്കം നൽകുന്നതെങ്കിലും അതിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളായ തടയണകൾ, വി.സി.ബി, കുളം നവീകരണം എന്നിവ ജലസംരക്ഷണത്തിനുതകുന്നവ ആണ്. എന്നാൽ കേന്ദ്ര സഹായം ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ല.<br>വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരം തിരിക്കാനും, പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ കണ്ടെത്താനുമുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതിനെപ്പറ്റി ജില്ലാടിസ്ഥാനത്തിൽ ചർച്ചകൾ നടത്തുന്ന കാര്യവും പരിഗണിച്ചു വരുന്നു.<br>ഇത്തരം ചർച്ചകളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ച ഒരു പരിധിവരെ തടയാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**